**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 397** **23-08-2022 - ൽ മറുപടിയ്ക്ക്**

**വർക്കല മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബിയിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടുള്ളതും കിലയെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ളതുമായ വർക്കല മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണത്തിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ; | (എ) | 1 കോടി കാറ്റഗറി സ്കൂളുകൾ<br><br>ജി.എച്ച്.എസ്.എസ് പള്ളിക്കൽ:-<br><br>എഗ്രിമെന്റ് വെച്ച കരാറുകാരൻ പ്രവൃത്തി ചെയ്യാനോ, സൈറ്റ് ഏറ്റെടുക്കാനോ തയ്യാറാകാത്തതിനാൽ, ബഹു: ഹൈക്കോടതി ഉത്തരവിന് വിധേയമായി, ടി കരാറുകാരനെ ഒഴിവാക്കി ഇപ്പോൾ DSR 2018 നിരക്കിൽ ടെൻഡർ ചെയ്യുന്നതിനായി 1 കോടി 30 ലക്ഷത്തിന്റെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. പുതിയ നിരക്കിൽ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുന്ന നടപടികൾ പുരോഗമിക്കുന്നു.<br><br>ജി.എച്ച് എസ്.എസ്- വെട്ടൂർ:-<br><br>പഴയ കെട്ടിടം പൊളിക്കാനുള്ള കാരണം ചൂണ്ടിക്കാട്ടിയും, സൈറ്റിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ കാരണമാക്കിയും എഗ്രിമെന്റ് വച്ച കരാറുകാരൻ കരാറിൽ നിന്നും പിൻമാറിയിരുന്നു.<br><br>ഇപ്പോൾ DSR 2018 നിരക്കിൽ 1 കോടി 30 ലക്ഷമായി പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>എസ്റ്റിമേറ്റ്, സൈറ്റിലെ അവസ്ഥക്കനുസരിച്ചും പുതിയ നിരക്കിലും റീകാസ്റ്റ് ചെയ്യുന്നതിന് എൽ.എസ്. ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ജി.എച്ച്. എസ്.എസ്- കാപ്പിൽ:-<br><br>രണ്ട് പ്രാവശ്യം ടെൻണ്ടർ ചെയ്തെങ്കിലും കരാറുകാർ ആരും ക്വാട്ട് ചെയ്തിട്ടില്ല. |

| | | | |
|---|---|---|---|
| | | | ഡ്രോയിംഗിന് കിഫ്ബി (KIIFB) അംഗീകാരം ലഭിച്ചിട്ടില്ല. സോയിൽ ടെസ്റ്റ് ചെയ്ത്, പുതിയ ഡിസൈൻ ആന്റ് ഡ്രോയിംഗ് തയ്യാറാക്കി 2018 DSR നിരക്കിൽ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യേണ്ടതുണ്ട്.<br><br>എൽ എസ്. ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br><u>ജി.എച്ച് എസ്.എസ്- വർക്കല:-</u><br><br>നിലവിൽ കിഫ്ബി (KIIFB) ഫണ്ടുപയോഗിച്ച് ഒരു നിർമ്മാണം നടക്കുന്നതിനാൽ, ഈ പ്രവൃത്തി KIIFB ഡ്രോപ്പ് ചെയ്യുകയും പകരം GUPS അയിരൂർ സ്കൂൾ പട്ടികയിൽ ഉൾപ്പെടുത്തി, 1 കോടി 30 ലക്ഷത്തിന് ഭരണാനുമതി ആയിട്ടുണ്ട്.<br><br><u>ജി.എൽ.പി.എസ്- പകൽക്കുറി:-</u><br><br>DSR 2018 നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കൽ 3 കോടി 90 ലക്ഷത്തിന്റെ പുതുക്കിയ ഭരണാനുമതി (Revised AS) ആയതിന്റെ അടിസ്ഥാനത്തിൽ പ്ലാനിംഗ് ഡിസൈനിംഗ് (Planning designing) ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഓഗസ്റ്റ് 22 ന് നടക്കുന്ന കമ്മിറ്റിയിൽ സമർപ്പിച്ച് സാങ്കേതിക അനുമതി ആകുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള കാലതാമസം പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കാമോ? | (ബി) | പ്ലാനിംഗ് ഡിസൈനിംഗ് (Planning designing) ജോലികൾ കില പി.എം.യു ( KILA PMU)) നേരിട്ട് നിർവഹിച്ചുകൊണ്ട് 3 കോടി കാറ്റഗറി പ്രവൃത്തികൾ 22/08/22-നുള്ള TS കമ്മിറ്റിയിൽ വയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. 1 കോടി കാറ്റഗറി പ്രവൃത്തികൾ റീകാസ്റ്റ് (Recast) ചെയ്ത് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനാവശ്യമായ എല്ലാ സാങ്കേതിക സഹായങ്ങളും എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തിന് കില -പിഎംയു-വിൽ നിന്നും നൽകുന്നതിന്റെ ഭാഗമായി ആയതും വേഗത്തിൽ സാങ്കേതികാനുമതിയിലേക്കും ടെൻണ്ടറിലേക്കും പോകാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ